**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4929** **23.03.2018**-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് ഏതെങ്കിലും സ്കോളർഷിപ്പുകളോ, ധനസഹായമോ നൽകുന്നുണ്ടോ; വിശദ വിവരം നൽകുമോ? | (എ) | പൊതു പ്രവേശന പരീക്ഷയിലൂടെ മെറിറ്റ് സീറ്റുകളിലും റിസർവേഷൻ സീറ്റുകളിലും പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിൽ ഇ-ഗ്രാന്റ്സ് മുഖേന പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, ABLC, ഇംപ്രൂവ്മെന്റ് ഫീസ്, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, കണ്ടിജൻസി ഗ്രാന്റ്, പ്രോജക്റ്റ് അലവൻസ്, പോക്കറ്റ് മണി, പേയിംഗ് ഗസ്റ്റ് ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ അർഹതയുള്ളവർക്ക് അനുവദിച്ചു വരുന്നുണ്ട്.<br>കേരളത്തിനകത്ത് ലഭ്യമല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനു പുറത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സർക്കാർ/ യൂനിവേഴ്സിറ്റി അംഗീകരിച്ച നിരക്കിൽ മേൽപറഞ്ഞ ആനുകൂല്യങ്ങൾ ഗവൺമെന്റ് ഓഫ് ഇന്ത്യ മാർഗ്ഗനിർദ്ദേശമനുസരിച്ച് അനുവദിച്ചുവരുന്നു.<br>വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ ബിരുദാനന്തര പഠനത്തിനും മാർഗ്ഗരേഖകൾക്കു വിധേയമായി സഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ